**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **3865** **11.11.2019** – ൽ മറുപടിയ്ക്ക്

## സ്നേഹപൂർവ്വം പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ | കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും<br>വനിത-ശിശുവികസനവും<br>വകുപ്പ് മന്ത്രി.) |

| | | | |
|---|---|---|---|
| (എ) | കേരള സാമൂഹ്യസുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കുന്ന സ്നേഹപൂർവ്വം പദ്ധതി നിലവിലുണ്ടോ; | (എ) | ഉണ്ട് |
| (ബി) | ഈ പദ്ധതി പ്രകാരം 2018-19 വർഷം എത്ര പേർക്ക് ധനസഹായം നൽകിയിട്ടുണ്ട്; | (ബി) | 2018-19 സാമ്പത്തിക വർഷത്തിൽ 2014-15 അദ്ധ്യായന വർഷത്തിലെ 566 ഗുണഭോക്താക്കൾക്കും, 2015-16 അദ്ധ്യായനവർഷത്തിലെ 856 ഗുണഭോക്താക്കൾക്കും, 2016-17 അദ്ധ്യായനവർഷത്തിലെ 1481 ഗുണഭോക്താക്കൾക്കും, 2017-18 അദ്ധ്യായനവർഷത്തിലെ 25994 ഗുണഭോക്താക്കൾക്കും, 2018-19 അദ്ധ്യായന വർഷത്തിലെ 36481 ഗുണഭോക്താക്കൾക്കും കൂടി ആകെ 65378 വിദ്യാർത്ഥികൾക്ക് ധനസഹായം നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതിയിൻകീഴിൽ അപേക്ഷ സമർപ്പിച്ച പലർക്കും ധനസഹായം ലഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണമെന്താണ്; വിശദമാക്കുമോ? | (സി) | ഉണ്ട്. നിലവിൽ സ്നേഹപൂർവ്വം പദ്ധതി മാനദണ്ഡമനുസരിച്ച് അപേക്ഷകർ ബി.പി.എൽ വിഭാഗത്തിൽപ്പെടുന്നവരായിരിക്കണം. എ.പി.എൽ. വിഭാഗത്തിലാണെങ്കിൽ വാർഷിക കുടുംബവരുമാനം, ഗ്രാമപ്രദേശങ്ങളിൽ 20,000/- രൂപയിലും, നഗരപ്രദേശങ്ങളിൽ 22,375/- രൂപയിലും അധികരിക്കരുത്. സ്നേഹപൂർവ്വം |

| | | | |
|---|---|---|---|
| | | | പദ്ധതിക്കായി ഓൺലൈൻ അപേക്ഷ സമർപ്പിച്ചതിനുശേഷം വിദ്യാഭ്യാസ സ്ഥാപനമേധാവി സാക്ഷ്യപ്പെടുത്തിയ അപേക്ഷയുടെ പ്രിന്റ് ഔട്ട് സമർപ്പിച്ച എല്ലാ കുട്ടികളുടെയും അപേക്ഷ പരിശോധിച്ച് മാനദണ്ഡങ്ങൾ അനുസരിച്ചുള്ളവ അംഗീകരിച്ചിട്ടുണ്ട്. എന്നാൽ ഓൺലൈൻ അപേക്ഷ സമർപ്പിച്ചിട്ടും സ്ഥാപനമേധാവി സാക്ഷ്യപ്പെടുത്തി പ്രിന്റ് ഔട്ട് അയച്ചു നൽകാത്തതും വരുമാനപരിധി അധികരിച്ചതുമായ അപേക്ഷകൾ നിരസിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**